പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1030 — 01.03.2017 ൽ മറുപടിക്ക്.

# തൊഴിലാളികളുടെയും ദിവസക്കൂലിക്കാരുടെയും വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലും കടകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെയും ദിവസ വേതനക്കാരുടെയും വേതനം പുതുക്കി ഉത്തരവ് നൽകിയിട്ടുണ്ടോ; | (എ) 21/12/16-ലെ സ.ഉ.(അച്ചടി) 196/2016/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (ബി) പുതുക്കിയ നിരക്കിലുള്ള വേതനമാണ് തൊഴിലുടമകൾ നൽകുന്നതെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ആയത് ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനകളും ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്.സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന ലഭ്യമാകുന്നതോടൊപ്പം അവരവരുടെ വേജ് സ്ലിപ്പ് ഓൺലൈനായി എടുക്കുന്നതിനും സാധിക്കുന്നു. വേതന സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് നിരീക്ഷിക്കുന്നതിനും ഇതു വഴി സാധിക്കുന്നു. |

| | |
|---|---|
| | മിനിമം വേതനം നൽകാത്തതായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നു. മിനിമം വേതനം നൽകാത്തതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ നിയമനടപടികൾ ഉൾപ്പെടെ ഉള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) തൊഴിലാളികളുടെ പരാതിയിന്മേലല്ലാതെ, സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ തൊഴിൽ സ്ഥാപനങ്ങളിലും കടകളിലും നടത്തിയിട്ടുണ്ടോ; | (സി) സംസ്ഥാനത്തെ തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്വമേധയാ സ്ഥാപന പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തി തൊഴിൽ നിയമപ്രകാരം ഉള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്. |
| (ഡി) തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ ചൂഷണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ ചൂഷണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ